**കേരള സർക്കാർ**

സംഗ്രഹം

ആയുഷ് വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ..നം. 1822/2015-മേലുള്ള 20/05/2020-ലെ ഉത്തരവ് നടപ്പിലാക്കികൊണ്ട്, കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീ.ശ്രീധരൻ. കെ - യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(കൈ) നം.28/2022/ആയുഷ്     തീയതി, തിരുവനന്തപുരം, 26.08.2022.

പരാമർശം :
1) സ.ഉ.(അ) നം.501/2005/ധന തീയതി 25.11.2005.
2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ..നം. 1822/2015-മേലുള്ള 20/05/2020-ലെ ഉത്തരവ്.
3) ബഹു. കേരള ഹൈക്കോടതിയുടെ ഒ.പി. (കെ.എ.റ്റി) 95/21 -മേലുള്ള 15.07.2021-ലെ വിധിന്യായം.
4) ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 18.12.2020,13.01.2022, 10.02.2022 എന്നീ തീയതികളിലെ DHTVM/3207/2019-EB1 നമ്പർ കത്തുകൾ.
5) കണ്ണൂർ ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറുടെ 05.10.2020 തീയതിയിലെ ഇ.ബി. 1/760/2019/ഡി.ഒ.കെ നമ്പർ കത്ത്.

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിലെ കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീ.ശ്രീധരൻ. കെ, ടിയാളെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ..നം. 1822/2015 പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു.

2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 2) ഉത്തരവിൽ പരാമർശം 1) പ്രകാരം ടിയാൾ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അർഹനാണെന്നും മൂന്നാം എതിർ കക്ഷിയായ ആയുഷ് വകുപ്പ് സെക്രട്ടറി ടിയാളെ സ്ഥിരപ്പെടുത്തുന്ന വിഷയം മേൽ ഉത്തരവ് പ്രകാരം പരിശോധിച്ച് മൂന്ന് മാസത്തിനകം ഉത്തരവാകണമെന്നും ശ്രീ.ശ്രീധരൻ. കെ-യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് തടസ്സമില്ലെന്നും ശ്രീമതി വത്സലകുമാരിയെ മറ്റൊരു ഒഴിവിലേയ്ക്ക് മാറ്റി നിയമിക്കണമെന്നും ഉത്തരവായിരുന്നു. ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 2)-ലെ വിധിക്കെതിരെ ഒ.പി. (കെ.എ.റ്റി) 95/21 ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് നിരാകരിക്കുകയും പരാമർശം 3) -ലെ ഉത്തരവ് പ്രകാരം ശ്രീ.ശ്രീധരൻ. കെ-യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി രണ്ടു മാസത്തിനകം ഉത്തരവാകണമെന്ന് നിർദ്ദേശിച്ചിരുന്നു.

3) ജി.ഒ. (എം.എസ്) നം. 288/81 എച്ച്.ഡി തീയതി 16.9.81 പ്രകാരം പുതിയ ഡിസ്പെൻസറികൾ അനുവദിച്ചതിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി എരമം കുറ്റൂരിൽ മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, പ്യൂൺ, പി.റ്റി.എസ് എന്നീ തസ്തികകൾ അനുവദിച്ചിരുന്നുവെന്നും ശ്രീ.ശ്രീധരൻ. കെ, ടി സ്ഥാപനത്തിൽ 03.08.2005 മുതൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തിരുന്നുവെന്നും സ്ഥാപനത്തിന്റെ സ്വീപ്പിംഗ് ഏര്യ 184.38 sq.m ആണെന്ന് പി.ഡബ്ല്യു.ഡി. 10.7.2006-ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും സർക്കാർ ഹോമിയോ ഡിസ്പെൻസറി എരമം കുറ്റൂരിൽ 100 sq.m - ൽ കൂടുതൽ സ്വീപ്പിംഗ് ഏര്യ നിലനിൽക്കെ ഉണ്ടായ പി.റ്റി.എസ്. വേക്കൻസിയിൽ 03.08.05 മുതൽ 29.09.2015 വരെ ശ്രീ.ശ്രീധരൻ കെ, സ്വീപ്പറായി ജോലിയിൽ തുടരുകയും ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ടിയാളുടെ അപേക്ഷ നിരസിച്ചതിനാൽ 29.09.2015 - ന ടിയാളെ ടെർമിനേറ്റ് ചെയ്യുവെന്നും തുടർന്ന് സ്വീപ്പിംഗ് ഏര്യയുടെ അടിസ്ഥാനത്തിൽ വേക്കൻസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുവെന്നും തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1822/2015 dt 15.10.15 ഇടക്കാല വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ.ശ്രീധരൻ കെ., 20.10.2015 മുതൽ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച 07.02.2016 വരെ ടി സ്ഥാപനത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തിരുന്നുവെന്നും പരാമർശം 4) പ്രകാരം ഹോമിയോപ്പതി ഡയറക്ടർ അറിയിച്ചിരുന്നു. എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ 03.08.2005 മുതൽ 29.09.2015 വരെയും 20.10.2015 മുതൽ 07.02.2016 വരെയും കാഷ്വൽ സ്വീപ്പർ ആയി ശ്രീ.ശ്രീധരൻ കെ., ജോലി ചെയ്തിരുന്നു. ശ്രീമതി. വത്സലകുമാരി 08.02.2016 മുതൽ 24.05.2016 വരെ പാർട്ട്-ടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കുകയും തുടർന്ന് ക്ലാസ് IV തസ്തികയിലേക്ക് പ്രൊമോഷൻ കിട്ടി 24.05.2016-ൽ മേൽ സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്ത് പോകുകയും തുടർന്നുവന്ന പി.ടി.എസ്. ശ്രീ. അബ്ദുൾ റഷീദ് എൻ.പി. 25.05.2016 മുതൽ 23.06.2018 വരെ മേൽ തസ്തികയിൽ ജോലി നോക്കുകയും തുടർന്ന് ക്ലാസ് IV തസ്തികയിലേക്ക് പ്രൊമോഷൻ കിട്ടി 23.06.2018-ൽ മേൽ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തുവെന്നും തുടർന്നുവന്ന ശ്രീ.സുധാകരൻ.പി.കെ. 06.10.2018 മുതൽ നിലവിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്നുവെന്നും പരാമർശം 5) പ്രകാരം കണ്ണൂർ ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. ശ്രീധരൻ കെ.-യെ, ടിയാൻ ജോലിയിൽ നിന്നും വിട്ട് നിന്ന കാലയളവായ 29.09.2015 മുതൽ 19.10.2015 വരെയും 08.02.2016 മുതൽ ജോലിയിൽ തിരികെ പ്രവേശിക്കുന്ന വരെയുമുള്ള കാലയളവ് മുൻകാല സർവീസ് നഷ്ടപ്പെടില്ലായെന്ന വ്യവസ്ഥയിൽ നോൺ ഡ്യൂട്ടിയായി പരിഗണിച്ച് 03/08/2005 തീയതി പ്രാബല്യത്തിൽ ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

5) പരാമർശം 2)-ലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവും പരാമർശം 3)-ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായവും ഇതിനാൽ പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി.

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. ശ്രീധരൻ കെ. (ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ മുഖാന്തരം).
ജില്ലാ മെഡിക്കലാഫീസർ (ഹോമിയോ), കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ധനകാര്യ (Exp-C) വകുപ്പ് (1999583/EXP-C2/19/2022-FIN തീയതി 07.06.2022)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം : 1010 തീയതി 24.08.2022).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-08-2022

ഫയൽ നം. ബി3/356/2019/ആയുഷ്. ഇനം നം: 1010

വിഷയം : ആയുഷ് വകുപ്പ് - കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. ശ്രീധരൻ കെ-യെ 03.08.2005 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

2918

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | ബി3/356/2019/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (ബി) വകുപ്പ് |
| 3. വിഷയം | കണ്ണൂർ ജില്ലയിലെ എരമം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീ.ശ്രീധരൻ കെ.-യെ 03/08/2005 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07/07/2022 |
| 5.i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | വിജയകുമാർ എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 08/08/2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.08.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 15.08.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16.08.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീ.ശ്രീധരൻ. കെ - യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ജി.ഒ. (എം.എസ്) നം. 288/81 എച്ച്.ഡി തീയതി 16.9.81 പ്രകാരം പുതിയ ഡിസ്പെൻസറികൾ അനുവദിച്ചതിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി എരമം കുറ്റൂരിൽ മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, പ്യൂൺ, പി.റ്റി.എസ് എന്നീ തസ്തികകൾ അനുവദിച്ചിരുന്നുവെന്നും ശ്രീ.ശ്രീധരൻ. കെ, ടി സ്ഥാപനത്തിൽ 3.8.2005 മുതൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തിരുന്നുവെന്നും സ്ഥാപനത്തിന്റെ സ്വീപ്പിംഗ് ഏര്യ 184.38 sq.m ആണെന്ന് പി.ഡബ്ല്യൂ.ഡി. 10.7.2006-ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും സർക്കാർ ഹോമിയോ ഡിസ്പെൻസറി എരമം കുറ്റൂരിൽ 100 sq.m - ൽ കൂടുതൽ സ്വീപ്പിംഗ് ഏര്യ നിലനിൽക്കെ ഉണ്ടായ പി.റ്റി.എസ്. വേക്കൻസിയിൽ 03.08.05 മുതൽ 29.09.2015 വരെ ശ്രീ.ശ്രീധരൻ കെ, സ്വീപ്പറായി ജോലിയിൽ തുടരുകയും ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ടിയാളുടെ അപേക്ഷ നിരസിച്ചതിനാൽ 29.09.2015 - ന ടിയാളെ ടെർമിനേറ്റ് ചെയ്തുവെന്നും തുടർന്ന് സ്വീപ്പിംഗ് ഏര്യയുടെ അടിസ്ഥാനത്തിൽ വേക്കൻസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തുവെന്നും തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1822/2015 dt 15.10.15 ഇടക്കാല വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ.കെ.ശ്രീധരൻ 20.10.2015 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച 07.02.2016 വരെ ടി സ്ഥാപനത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തിരുന്നുവെന്നും ഹോമിയോപ്പതി ഡയറക്ടർ അറിയിച്ചിരുന്നു. എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ 03.08.2005 മുതൽ 29.09.2015 വരെയും 20.10.2015 മുതൽ 07.02.2016 വരെയും കാഷ്വൽ സ്വീപ്പർ ആയി ശ്രീ.കെ.ശ്രീധരൻ ജോലി ചെയ്തിരുന്നു. ശ്രീമതി. വത്സലകുമാരി 08.02.2016 മുതൽ 24.05.2016 വരെ പാർട്ട്-ടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കുകയും തുടർന്ന് ക്ലാസ് IV തസ്തികയിലേക്ക് പ്രോമോഷൻ കിട്ടി 24.05.2016-ൽ മേൽ സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്ത് പോകുകയും തുടർന്നുവന്ന പി.ടി.എസ്. ശ്രീ. അബ്ദുൾ റഷീദ് എൻ.പി. 25.05.2016 മുതൽ 23.06.2018 വരെ മേൽ തസ്തികയിൽ ജോലി നോക്കുകയും തുടർന്ന് ക്ലാസ് IV തസ്തികയിലേക്ക് പ്രൊമോഷൻ കിട്ടി 23.06.2018-ൽ മേൽ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തുവെന്നും തുടർന്നുവന്ന പി.ടി.എസ്. ശ്രീ.സുധാകരൻ.പി.കെ. 06.10.2018 മുതൽ നിലവിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്നുവെന്നും കണ്ണൂർ

ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ ടിയാനെ സർവീസിൽ ക്രമീകരിക്കുമ്പോൾ ടിയാൻ സർവീസിൽ നിന്നും വിട്ട് നിന്ന കാലയളവ് കൂടി ക്രമീകരിക്കേണ്ടതുണ്ട്.

3) എന്നാൽ കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായിരുന്ന ശ്രീ.ശ്രീധരൻ. കെ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മുമ്പാകെ ഫയൽ ചെയ്ത OA 1822/2015-ന്മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ 20/05/2020 - ലെ അന്തിമ ഉത്തരവിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ കണ്ടാലും :

"11. But this cannot be a reason for declining relief to the applicant for which he is legally entitled under GO(P) No.501/2005/Fin dated 25/11/2005. The Additional 3rd respondent is therefore directed to consider the claim of the applicant for being regularised as a Part Time Sweeper as provided under the above GO and pass appropriate orders. The appointment of the 5th respondent cannot be a ground for refusing relief to the applicant. The respondents may find out another vacancy to accommodate her on the applicant being regularised as Part Time Sweeper. Orders in this regard shall be issued within three months from the date of receipt of this order.

The Original Application is allowed to the above extent".

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1822/2015-ന്മേലുള്ള 20/05/2020-ലെ ഉത്തരവിനെതിരെ സർക്കാർ, ബഹു. ഹൈക്കോടതിയിൽ OP(KAT) No:95/21 ഫയൽ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത അപ്പീൽ 15.07.2021-ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി തള്ളുകയും ശ്രീ.ശ്രീധരൻ. കെ-യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി രണ്ടു മാസത്തിനകം ഉത്തരവാകണമെന്ന് നിർദ്ദേശിച്ചിരുന്നു

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സഹിതം ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം

അഭിപ്രായപ്പെട്ടു.

" AD is requested to take necessary action to comply the judgement dated 15/07/2021 after obtaining the remarks of Law Dept also in this regard".

6) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് ശ്രീ.ശ്രീധരൻ കെ. - യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച അടിയന്തരമായി അഭിപ്രായം ലഭ്യമാക്കി നൽകുന്നതിന് ഫയൽ നിയമവകുപ്പിലേക്ക് അയയ്ക്കുകയുണ്ടായി. നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും.

"സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീ.ശ്രീധരൻ.കെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മുമ്പാകെ ഫയൽ ചെയ്ത OA 1822/2015-മേലുള്ള 20/05/2020 - ലെ ഉത്തരവിലെ നിർദ്ദേശം ചുവടെ ചേർക്കുന്നു:-

"The Additional 3rd respondent is therefore directed to consider the claim of the applicant for being regularised as a Part Time Sweeper as provided under the above GO and pass appropriate orders.The appointment of the 5th respondent cannot be a ground for refusing relief to the applicant. The Respondents may find out another vacancy to accommodate her,on the applicant being regularised as Part Time Sweeper. Orders in this regard shall be issued within three months from the date of receipt of this order"

25.11.2005-ലെ ജി.ഒ (പി) നം. 501/2005 പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുതിന് ശ്രീ.ശ്രീധരൻ.കെ അർഹനാണെന്നും 3rd റെസ്പൊൺഡന്റ് ആയ ആയുഷ് വകുപ്പ് സെക്രട്ടറി ടിയാളെ സ്ഥിരപ്പെടുത്തുന്ന വിഷയം മേൽ ഉത്തരവ് പ്രകാരം പരിശോധിച്ച് മൂന്ന് മാസത്തിനകം ഉത്തരവാകണമെന്നും ശ്രീമതി വത്സലകുമാരിയെ ടി തസ്തികയിൽ നിയമിച്ചത് ശ്രീ.ശ്രീധരൻ. കെ-യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുതിന് തടസ്സമല്ലെന്നും ടിയാരിക്ക് മറ്റൊരു പാർട്ട് ടൈം തസ്തികയിലേയ്ക്ക് മാറ്റം നൽകണമെന്നും ബഹു: KAT ഉത്തരവായിരുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1822/2015-മേലുള്ള 20/05/2020-ലെ ഉത്തരവിനെതിരെ സർക്കാർ, ബഹു. ഹൈക്കോടതിയിൽ OP(KAT) No:95/21 ഫയൽ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത അപ്പീൽ ബഹു:ഹൈക്കോടതി Dismiss ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു

"Hence, in any view of the matter the Tribunal was fully right in holding that the respondents in the O.A. are legally obliged to regularize the original applicant on the basis of G.O. dated 25.11.2005, without any further delay.Indisputably, R-2 herein/R-5 in the O.A. was appointed only in the year 2016 and that too, presumably, on the basis of the stand of the Government

in Anx.R-2(a) dated 18.8.2015 . We have already held that the ground of rejection and the stand of the Government at Anx.R-2(a) is illegal and ultra vires. However, the Tribunal has protected the interest of R-5 in the O.A./R-2 herein by ordering that she should be accommodated in another vacancy by the department. We are not interfering with the said direction of the Tribunal. given in favour of R-2 herein. No grounds are made out for interfering with the considered verdict of the Tribunal in this case. However, we note that there is long delay on the part of the petitioners herein in complying with the directions of the Tribunal. Accordingly, we order that the directions of the Tribunal to regularize the service of the applicant shall be complied with by the Government within two months from the date of production of a certified copy of this judgment. No other orders and directions are called for."

ശ്രീ.ശ്രീധരൻ.കെ-യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി രണ്ടു മാസത്തിനകം ഉത്തരവാകണമെന്നും ശ്രീമതി. വത്സലകുമാരിയെ മറ്റൊരു പാർട്ട് ടൈം തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കണമെന്നുമുള്ള ബഹു:ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കുന്നതിനുള്ള സമയപരിധി 28/11/2021 അവസാനിച്ചിരിക്കുന്നതായി കാണുന്നു. ടി വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യിട്ടില്ലാത്ത സാഹചര്യത്തിൽ ആയതു അന്തിമമായതിനാൽ എത്രയും പെട്ടെന്ന് ബഹു:കേരള ഹൈകോടതിയുടെ മേൽ ന്യായവിധി പ്രാവർത്തികമാക്കുന്നതിനു ഭരണവകുപ്പിന് നടപടി സ്വീകരിക്കാവുന്നതാണ്."

7) പാർട്ട് ടൈം തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി ശ്രീ.ശ്രീധരൻ കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1822/2015-ന്മേലുള്ള 20/05/2020-ലെ ഉത്തരവിനെതിരെ സർക്കാർ, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത (OP(KAT) No:95/21) അപ്പീൽ, 15.07.2021-ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി തള്ളുകയും ശ്രീ.ശ്രീധരൻ. കെ-യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി രണ്ടു മാസത്തിനകം ഉത്തരവാകണമെന്നും ശ്രീമതി വത്സലകുമാരിയെ മറ്റൊരു ഒഴിവിലേയ്ക്ക് മാറ്റി നിയമിക്കണമെന്നും ഉത്തരവായ സാഹചര്യത്തിലും നിയമവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയ ശേഷം 15/07/2021-ലെ ഉത്തരവിനനുസരിച്ച് ഭരണ വകുപ്പിന് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണെന്ന് ധനവകുപ്പ് അഭിപ്രായപ്പെട്ട സാഹചര്യത്തിലും 15/07/2021-ലെ വിധി അന്തിമമായതിനാൽ എത്രയും പെട്ടെന്ന് ബഹു:കേരള ഹൈകോടതിയുടെ മേൽ ന്യായവിധി പ്രാവർത്തികമാക്കുന്നതിനു ഭരണവകുപ്പിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ട സാഹചര്യത്തിലും കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീ.ശ്രീധരൻ കെ.-യെ പാർട്ട് ടൈം തസ്തികയിൽ 03/08/2005 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

15.07.2021-ലെ ഒ.പി. (കെ.എ.റ്റി) 95/21 നം. കേസിലെ ബഹു കേരളാ ഹൈ കോടതി വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ..നം. 1822/2015-ന്മേലുള്ള 20/05/2020-ലെ ഉത്തരവ് പ്രകാരം, കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീ.ശ്രീധരൻ കെ.-യെ, ടിയാൻ ജോലിയിൽ നിന്നും വിട്ട് നിന്ന കാലയളവായ 29.09.2015 മുതൽ 19.10.2015 വരെയും 08.02.2016 മുതൽ ജോലിയിൽ തിരികെ പ്രവേശിക്കുന്ന വരെയുമുള്ള കാലയളവ് മുൻകാല സർവീസ് നഷ്ടപ്പെട്ടില്ലായെന്ന വ്യവസ്ഥയിൽ നോൺ ഡ്യൂട്ടിയായി പരിഗണിച്ച് 03/08/2005 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകാമോ?

010
ാർ
-യെ
ിൽ